ഉത്തരം

(എ & ബി) തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കുറുമാത്തൂർ അംശം ചൊറുക്കള എന്ന സ്ഥലത്ത് താമസിച്ചിരുന്ന മുക്കോടത്ത് മുഹമ്മദ് കുഞ്ഞി വയസ്സ-52/11 എന്നയാളുടെ തിരോധനത്തെ സംബന്ധിച്ച തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ടിയാളുടെ ഭാര്യാ സഹോദരൻ സി. കെ. ഉമ്മർകുട്ടി എന്നയാളുടെ പരാതി പ്രകാരം 14-1-2011-ന് തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 21/11 U/c Missing Person ആയി കേസ്സ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ. ബഹു : കോടതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് 15-1-2011, 16-1-2011 എന്നീ ദിവസങ്ങളിൽ തളിപ്പറമ്പ് സ്റ്റേഷൻ എസ്.ഐ. ഉണ്ണികൃഷ്ണൻ അന്വേഷണം നടത്തി വന്നിട്ടുള്ളതും മുഹമ്മദ് കുഞ്ഞിയുടെ വിവരങ്ങൾവച്ച് ഇ-മെയിൽ സന്ദേശവും പത്രത്തിൽ പരസ്യം നടത്തിയും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്.

16-1-2011 തീയതി 20.40 മണിക്ക് മുഹമ്മദ് കുഞ്ഞിയെ ടിയാൾ താമസിക്കുന്ന വീട്ടിന് അടുത്ത് കശുമാവിൻ തോട്ടത്തിൽ കാടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തുകയും വിവരം സ്റ്റേഷനിൽ അറിയിച്ച പ്രകാരം കേസ്സിൽ Section 174 CrPc ചേർത്തുകൊണ്ട് കേസ്സ് അന്വേഷണം തുടങ്ങുന്നുണ്ടെന്നുള്ള കാര്യത്തിന് ബഹു : കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും സ്ഥലത്ത് സീൻ ഗാഡ് നിയമിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്.

1 മുതൽ 24 വരെ സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയും മുഹമ്മദ് കുഞ്ഞിയുടെ ഭാര്യയടക്കമുള്ള ബന്ധുക്കളുടേയും നാട്ടുകാരുടേയും മൊഴി രേഖപ്പെടുത്തിയും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസ്സിൽ നാളിതു വരെ നടത്തിയ അന്വേഷണത്തിൽനിന്നും മുക്കാടത്ത് മുഹമ്മദ് കുഞ്ഞി എന്നയാളുടെ മരണകാര്യത്തിൽ സംശയിക്കത്തക്കവിധത്തിലുള്ള തെളിവുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതാണ്. Post Mortem Certificate, വിസ്ര പരിശോധന റിപ്പോർട്ട് എന്നിവ കിട്ടിയാൽ മാത്രമേ മരണകാരണം വ്യക്തമായി തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

മുഹമ്മദ് കുഞ്ഞിയുടെ തിരോധാനം മുതൽ ഇതുവരെയുള്ള അന്വേഷണത്തിൽ പോലീസ് ഡോഗ് സയന്റിഫിക് അസിസ്റ്റന്റ്, ഫോട്ടോഗ്രാഫർ എന്നിവരുടെ സേവനം കേസ്സിലേക്ക് ഉപയോഗപ്പെടുത്തി അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കാസർഗോഡ് പോലീസ് വെടിവയ്പ്

61 (1531) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 2009-ൽ നടന്ന പോലീസ് വെടിവയ്പിനോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും ആരൊക്കെയാണ് പ്രതികളെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വെടിവയ്പിനെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വെടിവയ്പിൽ മരിച്ച റഫീഖിന്റെ പിതാവ് ഹൈക്കോടതിയിൽ നൽകിയ ഹർജിയിന്മേൽ എന്ത് ഉത്തരവാണ് ഹൈക്കോടതി പുറപ്പെടുവിച്ചത് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ഉത്തരവിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് 2009-ൽ നടന്ന പോലീസ് വെടിവെയ്പിനോടനുബന്ധിച്ച് പോലീസ് SUO MOTU ആയി രജിസ്റ്റർ ചെയ്ത 816/2009 കേസ്സും, പോലീസ് വെടിവെയ്പിൽ മരിച്ച മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് എം. കെ. മുസ്തഫ, കോടതിയിൽ ഫയൽ ചെയ്ത CMP -യുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത ക്രൈം 85/10 എന്ന കേസ്സും കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 816/09-ൽ കണ്ടാലറിയാവുന്ന 500-ളം പേരും 85/10-ൽ അന്നത്തെ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. രാമദാസ് പോത്തൻ ഐ.പി.എസ്സുമാണ് പ്രതികൾ.

(ബി) പ്രസ്തുത വെടിവെപ്പിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജില്ലാ ജഡ്ജിയും എം.എ.സി.റ്റി. യുമായിരുന്ന ശ്രീമതി എം. കെ. പ്രേമലതയെ അന്വേഷണ കമ്മീഷനായി നിയമിച്ചിരുന്നുവെങ്കിലും അവർ വിസമ്മതം അറിയിച്ചതിനെതുടർന്ന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. എം. എ. നിസ്സാറിനെ അന്വേഷണ കമ്മീഷനായി ഇപ്പോൾ നിയമിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് താഴെപ്പറയുന്നവയാണ് :

1. To enquire into the facts and circumstances which led to the incidents at Kasaragod Town on 15-11-2009, resulting in police firing death of two persons and damage to properties

2. to enquire whether there was any involvement of outside persons in precipitating the incidents

3. To enquire whether the firing resorted to by the police on 15-11-2009 at Kasaragod Town was justified and, if not, the person or persons responsible

4. To look into such other aspects as are incidental to and arising out of the matter.

(ഡി) ബഹു. ഹൈക്കോടതിയുടെ 24-9-2010-ലെ W.P.(c) 11304/10 (Q) നമ്പർ കേസ്സിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/10 U/s 352 IPC നമ്പർ കേസ് സി.ബി.ഐ.-ക്ക് കൈമാറാനും കേരള സർക്കാർ പരാതിക്കാരന് 5 ലക്ഷം രൂപ നൽകാനും ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly